## വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

## ( ഹാജർ: ഷീബ ജോർജ്ജ്, ഐ.എ.എസ്)

**ഉത്തരവ് നം ഇ1/23703/17/ഡബ്ല്യു.സി.ഡി** തിരുവനന്തപുരം, തീയതി: 30/04/2018

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ജീവനക്കാര്യം - ശിശു വികസന പദ്ധതി ഓഫീസർ തസ്തിക - ഉദ്യോഗക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. സാ.ഉ(പി) നം.23/2010/സാ.ക്ഷേ.വ തീയതി: 30.3.2010.
2. 31.03.2017-ലെ E9/39706/2016/DSJ(1)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
3. 22.02.2018-ലെ E9/25678/2017/DSJ(3)നം. ഗസറ്റ് നോട്ടിഫിക്കേഷൻ.
4. സാമൂഹ്യനീതി ഡയറക്ടറുടെ 19/03/2018 ലെ ഇതേ നമ്പർ ഉത്തരവ്.

വനിതാ ശിശു വികസന വകുപ്പിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേക്ക് 1:4 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) -ലെ വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ 5 ഒഴിവുകളാണ് നിലവിലുള്ളതെങ്കിലും, ഇതിൽ 1 തസ്തിക KPSC വഴി നേരിട്ടുള്ള നിയമനത്തിനായുള്ളതും 4 ഒഴിവുകൾ ഉദ്യോഗക്കയറ്റം വഴി നികത്താനുള്ളതുമാണ്.

ഉദ്യോഗക്കയറ്റം വഴി നികത്താനുള്ള ശിശു വികസന പദ്ധതി ഓഫീസർമാരുടെ ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് പരാമർശം (2) പ്രകാരം 2017 വർഷത്തെ സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സെലക്റ്റ് ലിസ്റ്റ് പരാമർശം (3) പ്രകാരം ഭേദഗതി വരുത്തികൊണ്ട് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം ഭേദഗതി വരുത്തിയ സെലക്ട് ലിസ്റ്റിൽ ക്രമ നം 23 (എ) ആയി ഐസിഡിഎസ് സൂപ്പർവൈസറായ ശ്രീമതി ഇന്ദു.വി.എസിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം 23 (എ) ശ്രീമതി ഇന്ദു.വി.എസ് ഒഴികെയുള്ള മറ്റെല്ലാവർക്കും തന്നെ പരാമർശം (4) പ്രകാരം ഇതിനോടകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം (3) ലെ സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം 23 (എ) ശ്രീമതി ഇന്ദു.വി.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റത്തിന് അർഹയാണ്.

മേൽ വിവരിച്ച ഐ.സി.ഡി.എസ് സൂപ്പർവൈസറെ KS & SSR ചട്ടം 28(എ)(1) പ്രകാരം 35700- 75600 (revised) രൂപ ശമ്പള സ്കെയിലിൽ ശിശുവികസന പദ്ധതി ഓഫീസർറായി ഉദ്യോഗക്കയറ്റം നൽകി ചുവടെ പട്ടികയിൽ അവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗക്കയറ്റം**

| ജീവനക്കാരിയുടെ പേര് , തസ്തിക ഇപ്പോൾ ജോലിനോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|
| ശ്രീമതി ഇന്ദു.വി.എസ്, സൂപ്പർവൈസർ ICDS കൊച്ചി അർബൻ 2. | ശിശുവികസന പദ്ധതി ഓഫീസർ, ICDS മുളംതുരുത്തി അഡീ. | ഉദ്യോഗക്കയറ്റം |

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരിയെ കാര്യാലയ മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരിയുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പൊതുസ്ഥലംമാറ്റസമയത്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ കാര്യാലയത്തിലെ നിയമനം പുന പരിശോധനയ്ക്ക് വിധേയമായിരിക്കും.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

**ബന്ധപ്പെട്ട ജീവനക്കാർക്ക്**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E) /Audit തിരുവനന്തപുരം (with C/L)
2. സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
4. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
5. E1 മുതൽ E8 സീറ്റ് വരെ.
6. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ.
7. ഐ.റ്റി സെൽ, വെബ്സൈറ്റിലേയ്ക്ക്
8. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്